# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2241    09.03.2018 - ലെ മറുപടിയ്ക്ക്

**അയിത്തം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ്.പി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അയിത്തം കൽപിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക ജീവിതത്തെയും സഞ്ചാര സ്വാതന്ത്ര്യത്തേയും തടസ്സപ്പെടുത്തുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | വടയമ്പാടിയിലുണ്ടായ സഞ്ചാര സ്വാതന്ത്ര്യം സംബന്ധിച്ച വിഷയത്തിലും അശാന്തനെന്ന കലാകാരന്റെ മൃതദേഹം ലളിതകലാ അക്കാദമിയുടെ ഡർബാർ ഹാളിൽ പൊതു ദർശനത്തിന് വെക്കുന്നത് തടസ്സപ്പെടുത്തിയ സംഭവത്തിലും | ബി) | വടയമ്പാടി ഭജന മഠം മൈതാനം, കുന്നത്തുനാട് താലൂക്കിലെ ഐക്കരനാട് വില്ലേജിലെ സർവ്വെ നം.44 റീ സർവ്വെ നം.233/24-ൽപ്പെട്ട 95 സെന്റ് ഭൂമി അടങ്ങുന്നതാണ്. റവന്യൂ പുറമ്പോക്കായിരുന്ന ടി സ്ഥലം ഭജനമഠം പട്ടികജാതി കോളനിയിലെ ജനങ്ങളും മറ്റ് നാട്ടുകാരും പൊതു ആവശ്യങ്ങൾക്കായി ഉപയോഗിച്ച |

| | | | |
|---|---|---|---|
| | പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെന്നു വെളിപ്പെടുത്തുമോ? | | വന്നിരുന്നതാണ്. എന്നാൽ 1981 ജൂലൈ 9-ാം തീയതി ടി ഭൂമിയ്ക്ക് പട്ടയം ലഭിച്ച എന്ന വാദം ഉയർത്തി വടയമ്പാടി ക്ഷേത്ര ഭരണ സമിതി 2017 മാർച്ച് മാസത്തിൽ ഈ മൈതാനത്തിനു ചുറ്റുമതിൽ കെട്ടിയിരുന്നു. ആയതിനെതിരെ കോളനിയിലെ ജനങ്ങളും ടി മൈതാനം ഉപയോഗിച്ചിരുന്ന മറ്റു പൊതുജനങ്ങളും പ്രതിഷേധിക്കുകയും പൊതു മൈതാനമാണ് എന്ന നിലപാട് ഉയർത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും 2017 ഏപ്രിൽ 14-ന് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ മതിൽ പൊളിക്കുകയും ചെയ്തു.<br><br>തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ മതിൽ കെട്ടുവാൻ ക്ഷേത്ര ഭരണ സമിതി വീണ്ടും ശ്രമിച്ചപ്പോൾ ആക്ഷൻ കൗൺസിൽ സമരപ്പന്തൽ സ്ഥാപിച്ച് സമരം നടത്തി വരികയായിരുന്നു.<br><br>2018 ലെ ക്ഷേത്ര ഉത്സവത്തോടനു ബന്ധിച്ച് ക്ഷേത്ര ഭരണ സമിതിയുടെ ആവശ്യപ്രകാരം ടി സമരപ്പന്തൽ പൊളിച്ചു മാറ്റുന്നതിന് എറണാകുളം ജില്ലാ കളക്ടർ പോലീസിന് നിർദ്ദേശം നൽകുകയും സമരപ്പന്തൽ പൊളിച്ചു മാറ്റുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് വിവിധ ജാതി |

സംഘടനങ്ങൾ വടയമ്പാടിയിൽ സമരപരിപാടികൾ നടത്തുകയുണ്ടായി. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചുള്ള തർക്കം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി വിധി വരുന്നത് വരെ ഈ വിഷയത്തിൽ വകുപ്പിന്റെ ഭാഗത്തു നിന്നും മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതാണ്. മതിൽ കെട്ടിയതിലൂടെ മൈതാനത്ത് പ്രവേശിക്കുന്നതിനുള്ള തടസ്സം നേരിട്ടുവെങ്കിലും നിലവിൽ മതിൽ പൊളിച്ചു നീക്കിയിട്ടുള്ളതിനാൽ മൈതാനത്ത് പ്രവേശിക്കുന്നതിന് തടസ്സമില്ലാത്തതാണ്.

പ്രശസ്ത ചിത്രകാരനും ശിൽപ്പിയുമായ ശ്രീ. അശാന്തന്റെ മൃതദേഹം സാംസ്കാരിക സ്ഥാപനമായ ദർബാർ ഹാളിലെ ഗ്യാലറിയുടെ മുറ്റത്ത് പൊതു ദർശനത്തിന് വെയ്ക്കുവാൻ കേരള ലളിതകലാ അക്കാഡമി തീരുമാനിക്കുകയും, മൃതദേഹം അവിടെ എത്തുമ്പോൾ എതിർഭാഗത്തുള്ള ക്ഷേത്ര ഭാരവാഹികൾ എന്ന പേരിൽ ചിലർ വന്ന് ക്ഷേത്ര പരിസരത്ത് കൂടെ മൃതദേഹം കൊണ്ടുപോകുന്നത് തടയുവാൻ ശ്രമിക്കുകയും, ഏതാനും ആളുകൾ അക്കാഡമി സെക്രട്ടറിയെ ആക്ഷേപിക്കുകയും ചെയ്തത് സംബന്ധിച്ച് എറണാകുളം സെൻട്രൽ

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷനിൽ ക്രൈം നം. 317/18 സെക്ഷൻ 143, 147, 427. 294 (ബി), 506, R/W 149 IPC പ്രകാരം കേസ്സെടുത്തിട്ടുള്ളതും പ്രതികൾ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. അശാന്തന്റെ മൃതദേഹത്തോട് അനാദരവ് കാണിച്ചത് സംബന്ധിച്ച് അതിക്രമം തടയൽ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**